പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5662

28.03.2018 ൽ

മറുപടിക്ക്

## സേവനാവകാശ നിയമം

**ചോദ്യം**

ശ്രീ. എം. ഉമ്മർ

**മറുപടി**

പിണറായി വിജയൻ

(മുഖ്യമന്ത്രി)

എ) സംസ്ഥാനത്ത് പാസ്സാക്കുന്ന നിയമങ്ങൾക്ക് അനുസൃതമായി സർക്കാർ സംവിധാനം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

ബി) ഓരോ നിയമങ്ങളും പാസ്സാക്കുമ്പോൾ അവയുടെ പ്രവർത്തനം പ്രത്യേകമായി പരിശോധിക്കേണ്ട സ്ഥിതിവിശേഷം നിലവിലുണ്ടോ; വിശദമാക്കാമോ; സേവനാവകാശ നിയമത്തിന്റെ കാര്യത്തിൽ ഇത് ബാധകമാണോ;

സി) എങ്കിൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നശേഷം സർക്കാർ ഓഫീസുകളിൽ ഉണ്ടായ മാറ്റം പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കാമോ;

(എ), (ബി) & (സി) നിയമങ്ങളും ചട്ടങ്ങളും പാലിച്ചാണ് സർക്കാർ സംവിധാനം പ്രവർത്തിക്കുന്നത്. ആയതിനാൽ ഇക്കാര്യം പ്രത്യേകമായി പരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല. എന്നാൽ ഭരണ സംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് നിയമ പരിഷ്കരണവും ഭരണ പരിഷ്കാരവും നടപ്പിലാക്കുന്നതിനായി നിയമ നിയമ പരിഷ്കരണ കമ്മീഷനും ഭരണ പരിഷ്കാര കമ്മീഷനും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

ഡി) സേവനാവകാശ നിയമത്തിന്റെ പ്രായോഗികതയുടെ നല്ലവശം ഏത് രീതിയിൽ വിലയിരുത്താനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്; വരും വർഷങ്ങളിൽ സേവനാവകാശ നിയമത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഡി) സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ